തീയതിയും ഹിന്ദുസ്ഥാൻ സ്റ്റാൻഡേർഡ് മുഖേന ചെയ്ത പ്രസ്താവനയെക്കുറിച്ചു ഗവൺമെൻറിൻെറ പ്രതികരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ):

ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ 15–1–1970–ലെ 63–ാം നമ്പർ (Starred) ചോദ്യത്തിൻെറ ഉത്തരത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ബഹുമാനപ്പെട്ട മന്ത്രി എൻ.കെ. ശേഷൻെറ രാജി

* 138. (499) ശ്രീ. എ. കെ. അപ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മന്ത്രി എൻ. കെ. ശേഷൻ രാജി വയ്ക്കണമെന്ന് ഐ. എസ്. പി. കക്ഷി നേതാവു മുഖ്യമന്ത്രിയോടു ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരമുള്ള ആവശ്യം ഉന്നയിക്കാൻ വല്ല കാരണവും കാണിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ):

(എ) ഇല്ല.

(ബി) ഉദിയ്ക്കുന്നില്ല.

CALLING ATTENTOIN UNDER RULE 61

മി. സ്പീക്കർ: റൂൾ 61 അനുസരിച്ചും അഡ്ജോൺമെൻറ് മോഷനായിട്ടും വളരെയധികം നോട്ടീസ് ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതൊന്നും എടുക്കുന്നില്ല. പക്ഷേ അതെല്ലാം ഗവൺമെൻറിൻെറ ശ്രദ്ധയിലേക്ക് വിടുന്നതാണ്.

9 a. m.]

കേരളത്തിലെ പതിനായിരത്തോളം വരുന്ന സർക്കാർ ആശുപത്രി ജീവനക്കാരായ അറൻറർ, നേഴ്സിംഗ് അസിസ്റ്റൻറ്, ഹോസ്പ്പിറൽ അറൻറർ തുടങ്ങിയവർ ഗവൺമെൻറ് ഹോസ്പിറൽ വർക്കേഴ്സ് യൂണിയൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിരാഹാര സത്യഗ്രഹത്തിലേക്കും അവരുടെ പ്രശ്നങ്ങളിലേക്കും ഗവൺമെൻറിൻെറ ശ്രദ്ധ ക്ഷണിക്കുന്നതിന് ശ്രീ. വി. വി. ദക്ഷിണാമൂർത്തി റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

പാലക്കാടു വിക്ടോറിയാ കാളേജിനടുത്തുള്ള ചുണ്ണാമ്പുകരതെരുവിനടുത്തുവച്ച് ഇന്നലെ രാത്രി ഏഴുമണിക്ക് വിക്ടോറിയാ കാളേജിലെ ഒരു ലോവർഗ്രേഡ് ജീവനക്കാരനും ലോവർഗ്രേഡ് യൂണിയൻെറ നേതാവുമായ ശ്രീ. ഭാസ്കരനെ ഒരു സംഘം ആക്രമികൾ ആക്രമിക്കുകയും കഠാരികൊണ്ടു കുത്തിക്കൊല്ലുകയുംചെയ്ത സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. പി. പി. കൃഷ്ണൻ, ആർ. കൃഷ്ണൻ (പാലക്കാട്) എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പഴയങ്ങാടി–വളപട്ടണം പുഴയിൽനിന്ന് കുറേനാളായി മൽസ്യംപിടിച്ചു ഉപജീവനം നടത്തിവരുന്ന 60–ൽ പരം മൽസ്യത്തൊഴിലാളികുടുംബങ്ങളുടെ ജോലി തടയപ്പെട്ടതു കാരണം ഉളവായിരിക്കുന്ന ഗുരുതരാവസ്ഥയെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. ഈ. പി. കൃഷ്ണൻ നമ്പ്യാർ, ശ്രീ. കെ. പി. രാഘവപ്പൊതുവാൾ എന്നിവർ ഒരു നോട്ടീസു നൽകിയിട്ടുണ്ട്. ഇതെല്ലാം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. കൃഷ്ണൻ: പാലക്കാട്ട് ഒരാളെ കുത്തിക്കൊലപ്പെടുത്തിയതിനെ സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്.

മി. സ്പീക്കർ: അതൊക്കെ സംസാരിക്കാൻ ഇവിടെ സമയമുണ്ടല്ലോ.

FINANCIAL BUSINESS

General Discussion on the Budget for 1970-71—(*Contd*).

ശ്രീ. എ. വി. ആര്യൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കാരണം ഈ ബഡ്ജറ്റ് ഇവിടത്തെ സാധാരണ ജനങ്ങൾക്കു വേണ്ടിയുള്ളതല്ല. ശ്രീമാൻ ശേഷന്റെ അതിവിശിഷ്ടമായ വാചാലതയും അദ്ദേഹത്തിന്റെ സ്ഥിരമായ സ്നേഹം നേടുന്ന ഓടക്കുഴലും ആ ഓടയുടെ ഉറപ്പുപോലുമില്ലാത്ത പല ഉറപ്പുകളും ഈ ബഡ്ജറ്റു പ്രസംഗത്തിലിട്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ മാത്രമല്ലാതെ ഈ ബഡ്ജറ്റ് ഇവിടത്തെ ജനങ്ങൾക്ക് വേണ്ടിയുള്ളതല്ല. കേരളത്തിലെ അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ അടിച്ചമർത്താൻ പോലീസിനു കൂടുതൽ വീര്യം കൊടുക്കുന്നതിനുവേണ്ടിയും മുതലാളിവർഗ്ഗത്തിനും സ്ഥാപിത താൽപ്പര്യക്കാർക്കും അതുപോലെതന്നെ ഭരണകക്ഷികളുടെ നേതൃത്തിലുള്ള ഗുണ്ടകൾക്കും സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

(Shri K. Moideenkutty Haji in the Chair)

സർ, ഈ ഗവൺമെന്റിന് ഇങ്ങനെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ അവകാശമുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. സർ, ഇവിടെ ഈ ഗവൺമെന്റു തന്നെ വാടകക്കെടുത്ത ഒരു ഗവൺമെന്റാണ്. കേരളത്തിലെ ഒരൊറ്റയാളുപോലും അസംബ്ളിയിൽ വന്നിരിക്കാനും മുഖ്യമന്ത്രിയാകാനും വോട്ടുകൊടുക്കാത്ത സമ്മതിദാനം കൊടുക്കാത്ത ഒരു മുഖ്യമന്ത്രിയാണ് ഇവിടെ ഭരിക്കുന്നത്. സാധാരണ ജനങ്ങളുടെ കാര്യമോ പോകട്ടെ, അദ്ദേഹത്തിന്റെ ഭാര്യപോലും വോട്ടുകൊടുക്കാത്ത ഒരു മന്ത്രി ഈ അസംബ്ളിയിലിരിക്കുമ്പോൾ ഇവിടെയൊരു ബഡ്ജറ്റ് അവതരിപ്പിക്കാൻ എന്തവകാശമാണുള്ളതെന്ന് എനിക്കു മനസിലാകുന്നില്ല. സാധാരണ കാറുകളും ബസ്സുകളും വീടുകളും വാടകയ്ക്കു കിട്ടാറുണ്ട്. പക്ഷേ മുഖ്യമന്ത്രിയാകാൻ അച്യുതമേനോനെ വാടകയ്ക്കു കിട്ടുമെന്നുള്ളതു 1969 നവംബർ ഒന്നാം തീയതി തെളിയിച്ചിരിക്കുകയാണ്. നമുക്കു വാടകയ്ക്കെടുത്ത ഒരു മുഖ്യമന്ത്രിയും അതോടൊപ്പം വാടകക്കെടുത്ത കുറേ പോലീസുകാരും വന്നിരിക്കുകയാണ്. പാർലമെന്റിൽനിന്നു ഈ മന്ത്രിയെ വാടകക്കു എടുത്തു, അതു കഴിഞ്ഞതിനുശേഷം കേന്ദ്രത്തിൽനിന്നു കുറേ പോലീസുകാരേയും വാടകയ്ക്കെടുത്തു ഇവിടെ കൊണ്ടുവന്നു നാട്ടുകാരെ തല്ലിച്ചതയ്ക്കുന്ന സംരംഭം ആരംഭിച്ചിട്ടുള്ള ഒരു ഗവൺമെന്റിന് ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ എന്താണ് അവകാശം? ഇവിടെ ചില മന്ത്രിമാർ പ്രസംഗിക്കുമ്പോൾ പറയുന്നതുകേൾക്കാം, ഈ രാജ്യത്തു കുഴപ്പവും സമാധാനവും പാലിക്കപ്പെട്ടിരിക്കുന്നു, ഈ രാജ്യത്ത് മനുഷ്യരുടെ ജീവനും സ്വത്തിനും രക്ഷ കിട്ടിയിരിക്കുന്നു എന്ന്. ഭരണകക്ഷിയിൽപ്പെട്ട ചില അംഗങ്ങളും അങ്ങനെ ഇവിടെ പ്രസംഗിക്കുകയാണ്. ആരുടെ ജീവനും സ്വത്തിനുമാണ് ഇവിടെ രക്ഷയുള്ളത്? പണക്കാരുടെ സ്വത്തിനും രക്ഷയുണ്ട്. ഗുണ്ടകളുടെ ജീവനും സ്വത്തിനും രക്ഷയുണ്ട്. ഭരണകക്ഷിയിൽപ്പെട്ട ചില പാർട്ടികളിലെ പ്രമാണിമാർക്ക് രക്ഷയുണ്ട്. മറ്റാർക്കാണ് ഈ രാജ്യത്തു രക്ഷ? അവർക്കു ഇഷ്ടംപോലെ തോന്നിയവാസം കാണിക്കാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly